പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1982 **26-10-2026-ൽ മറുപടിയ്ക്ക്**

ആലത്തൂർ താലൂക്ക് ആശുപത്രി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. പി. സുമോദ്

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇന്റൻസീവ് കെയർ യൂണിറ്റുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ജീവൻരക്ഷാ മരുന്നുകൾ, ഇൻജക്ഷനുകൾ, ആന്റിബയോട്ടിക്കുകൾ, മറ്റ് അവശ്യ മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഇന്റൻസീവ് കെയർ യൂണിറ്റുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ജീവൻരക്ഷാ മരുന്നുകൾ, ഇൻജക്ഷനുകൾ, ആന്റിബയോട്ടിക്കുകൾ, മറ്റ് അവശ്യ മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ആശുപത്രി ഫാർമസികളിൽ നിന്നും ലഭ്യമല്ലാത്തവ എച്ച് ഡി എസ് ഫണ്ട് ഉപയോഗപ്പെടുത്തി local purchase വഴിയും കാരുണ്യ, RSBY സ്കീമുകളിലൂടെയും മരുന്ന് വിതരണം ഉറപ്പ് വരുത്തുന്നു. ഇന്റൻസീവ് കെയർ യൂണിറ്റുകളുടെ പ്രവർത്തനത്തിന് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വകുപ്പ് മേധാവികളുടെ അപേക്ഷ സ്വീകരിച്ച് പ്രിൻസിപ്പാൾ/സൂപ്രണ്ട് തലത്തിൽ വാങ്ങി നൽകുകയാണ് ചെയ്യുന്നത്.

(ബി) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് ബെഡുകളുടെയും മെഷീനുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ രോഗികൾക്ക് സേവനം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: സ്ഥലപരിമിതിമൂലം കൂടുതൽ മെഷീനുകൾ / ബെഡുകൾ പ്രവർത്തിപ്പിക്കാൻ കഴിയില്ല. എന്നാൽ പ്രവർത്തന സമയം കൂട്ടിയിട്ടുണ്ട്. രണ്ട് ഷിഫ്റ്റുകളാക്കി കൂടുതൽ രോഗികൾക്ക് സൗകര്യം ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ